## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 417** **15-05-2017 ൽ മറുപടിക്ക്**

## പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി ഏറ്റെടുക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരികെ ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിനു സ.ഉ.(എം.എസ്) നം. 55/2017/റവ തിയതി 18/02/2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഓരോ കേസും പരിശോധിച്ച് പാട്ടവ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളിടത്ത് ഭൂമി തിരിച്ചെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും പാട്ടക്കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ ഇവരിൽ നിന്നും ഈടാക്കിയെന്ന് വ്യക്തമാക്കുമോ; | (ബി) പാട്ടകുടിശ്ശിക വരുത്തി ഭൂമി കൈവശം വച്ചു വരുന്നവരിൽ നിന്നും പാട്ട കുടിശ്ശിക ഈടാക്കി വരുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | ഈടാക്കിയ തുക/സ്വീകരിച്ചു വരുന്ന നടപടി |
|---|---|
| തിരുവനന്തപുരം | കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| കൊല്ലം | നടപടി സ്വീകരിച്ചു വരുന്നു. |
| പത്തനംതിട്ട | 5,34,588/- രൂപ |
| ആലപ്പുഴ | ഈടാക്കിയിട്ടില്ല. |
| കോട്ടയം | കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇടുക്കി | 7,127/- രൂപ |
| എറണാകുളം | 63,000/- രൂപ ഈടാക്കി ബാക്കി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| തൃശ്ശൂർ | നടപടി സ്വീകരിച്ചു വരുന്നു. |
| പാലക്കാട് | 1,03,750/- രൂപ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| മലപ്പുറം | 94,562/- രൂപ |
| കോഴിക്കോട് | 34,000/- രൂപ |
| വയനാട് | ഇത്തരം കേസുകൾ ഇല്ല. |
| കണ്ണൂർ | കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| കാസറഗോഡ് | ഇത്തരം കേസുകൾ ഇല്ല. |

| | |
|---|---|
| (സി) പാട്ടവ്യവസ്ഥ ലംഘിച്ചതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആർക്കെങ്കിലു മെതിരെ നടപടി സ്വീകരിച്ചി ട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നി 5 ജില്ലകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചേർത്തുകൊള്ളുന്നു. |

| ജില്ല | |
|---|---|
| കൊല്ലം | പാട്ട വ്യവസ്ഥ ലംഘിച്ചതിനാൽ കൊല്ലം താലൂക്ക്, കൊല്ലം ഈസ്റ്റ് വില്ലേജ്, ബ്ലോക്ക് നം.147 ൽ, റീസർവ്വെ നമ്പർ 1--ൽപ്പെട്ട 5.30 ആർ സ്ഥലം സർക്കാരിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. |
| കോട്ടയം | പാട്ട വ്യവസ്ഥ ലംഘിച്ച ഒരു കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 07/12/2016-ലെ WP(C)9458/07 നമ്പർ വിധിപ്രകാരം ഭൂമി തിരികെ എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| എറണാകുളം | പാട്ട വ്യവസ്ഥ ലംഘിച്ചതിന് ഫോർട്ട് കൊച്ചി വില്ലേജ്, സർവ്വെ നം. 1174,1175,8pt-ൽപ്പെട്ട 1.25 ഏക്കർ ഭൂമി M/s ആസ്പിൻ വാൾ കമ്പനിയിൽ നിന്നും 05-12-2016-ൽ ഏറ്റെടുത്തിട്ടുണ്ട്. |
| പാലക്കാട് | പാട്ട വ്യവസ്ഥ ലംഘിച്ച് നിള ഹോസ്പിറ്റൽ അനധികൃതമായി കൈയ്യേറിയ പട്ടാമ്പി വില്ലേജിലെ സർവ്വെ നമ്പർ 136-ൽപ്പെട്ട 4.5 സെന്റ് സ്ഥലം ഒഴിപ്പിക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. ആയതിനെതിരെ ഹോസ്പിറ്റൽ അധികൃതർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)25213/2016 നമ്പർ കേസ് ഫയൽ ചെയ്തിരിക്കുന്നു. |
| കോഴിക്കോട് | 18-04-2017-ലെ 72/L2/2017/റവ. നമ്പർ സർക്കാർ നിർദ്ദേശ പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകിയ 1.56 ഏക്കർ ഭൂമി തിരികെ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ